# നീര ബോർഡായി; 16 ഫെഡറേഷനുകൾക്ക് ലൈസൻസ്

- എയ്ഡഡ് എൻജി. കോളജുകൾക്ക് അധിക തസ്തിക
- ഭവനബോർഡിന് ഒറ്റത്തവണ തീർപ്പാക്കൽ നീട്ടി

**തിരുവനന്തപുരം:** നീര ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് നാളികേര നീര ബോർഡ് രൂപവത്കരിക്കാനും 16 കർഷക ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു. ആവശ്യാനുസരണം കൂടുതൽ ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകാൻ എക്സൈസ് വകുപ്പിന് നിർദേശം നൽകി.

നീരക്ക് ലൈസൻസ് നൽകുന്നതും ഭരണപരമായ കാര്യങ്ങളും എക്സൈസിന് കീഴിലും കർഷക ഫെഡറേഷനുകളും അനുബന്ധ വിഷയങ്ങളും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുമായിരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ 173 ഫെഡറേഷനുകളാണ് രൂപവത്കരിച്ചത്. ഇതിൽ 16 എണ്ണത്തിനാണ് ലൈസൻസ് നൽകിയത്. മാർച്ചിൽ അവസാനിക്കുന്ന ഈ സാമ്പത്തിക വർഷത്തിൽ 15 കോടി നീരക്കായി അനുവദിച്ചിരുന്നു. അതിൽ 1.80 കോടി കാർഷിക സർവകലാശാലക്ക് നൽകി. ബാക്കി 13.2 കോടി പുതിയ11 കമ്പനികൾക്ക് നൽകും. 50 ശതമാനം ഗ്രാൻറ് എന്ന നിലയിൽ പരമാവധി ഒന്നര കോടിയിൽ കവിയരുതെന്ന വ്യവസ്ഥയോടെയാകും നൽകുക. മൂന്ന് എയ്ഡഡ് എൻജിനീയറിങ് കോളജുകളിൽ എ.ഐ.സി.ടി.ഇ മാനദണ്ഡപ്രകാരം അധ്യാപക തസ്തിക അനുവദിച്ചു. കോതമംഗലം മാർ അത്തനേഷ്യസ് കോളജിൽ 127 ഉം കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളജിൽ 166 ഉം പാലക്കാട് എൻ.എസ്.എസ് കോളജിൽ 130 ഉം തസ്തികകളാണ് അനുവദിച്ചത്. ഭവനനിർമാണ ബോർഡിലെ ഒറ്റത്തവണ തീർപ്പാക്കൽ ജൂൺ 30 വരെ നീട്ടി. ഇടുക്കി അരിക്കുഴിയിൽ കേരള ഫീഡ്സ് 66.6 കോടി ചെലവിട്ട് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കും. ഇതിന് ഭരണാനുമതി നൽകി. 500 ടൺ ഉൽപാദനശേഷിയുള്ളതാകും ഫാക്ടറി. വടകര ജില്ലാ ആശുപത്രിയിൽ 12 തസ്തികകൾ അനുവദിച്ചു. വിതുര, പത്തനാപുരം, പട്ടിമറ്റം, കൊടുങ്ങല്ലൂർ, പീരുമേട് എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകി.

തിരുവനന്തപുരം ആർ.സി.സിയിൽ പത്ത് വർഷം കഴിഞ്ഞ ഒമ്പത് നഴ്സിങ് അസിസ്റ്റൻറുമാരെ സ്ഥിരപ്പെടുത്തി. മലപ്പുറം താലൂക്ക് ആശുപത്രിയിൽ 19 തസ്തികകൾ അനുവദിച്ചു.